റോഡും തൂവൂർ പഞ്ചായത്തിലെ തൂവൂർ-നീലാഞ്ചേരി-അരിമണൽ റോഡും 14-8-2009-ലെ സർക്കാർ ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിൽ നിലനിർത്താൻ ഉത്തരവായ മേജർ ഡിസ്ട്രിക്ട് റോഡുകളുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലെങ്കിലും മമ്പാട് പഞ്ചായത്തിലെ മുണ്ടേങ്കര-പുള്ളിപ്പാടം റോഡിന് 250 ലക്ഷം രൂപയുടേയും തൂവൂർ പഞ്ചായത്തിലെ തൂവൂർ-നീലാഞ്ചേരി റോഡിന് 300 ലക്ഷം രൂപയുടേയും എസ്റ്റിമേറ്റുകൾ നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ ഭരണാനുമതിക്കായി സമർപ്പിക്കുകയും പ്രസ്തുത പ്രവൃത്തികൾക്ക് ബഡ്ജറ്റ് പ്രൊവിഷനില്ലാത്തതിനാൽ ഭരണാനുമതി നൽകിയിട്ടില്ലാത്തതുമാണ്. എന്നാൽത്തന്നെയും ബഹുമാനപ്പെട്ട അംഗം ശ്രീ. എ. പി. അനിൽകുമാറിന്റെ ആവശ്യം പരിഗണിച്ച് പ്രസ്തുത റോഡുകൾ ഒ.ഡി.ആർ.കളുടെ അപ്ഗ്രഡേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി അറ്റകുറ്റപ്പണികൾ നടത്തി ഗതാഗതയോഗ്യമാക്കുവാനാവശ്യമായ തുക അനുവദിക്കുന്നതാണ്.

(8) സ്ഥലമെടുപ്പ് നടപടികൾ

ശ്രീ. എം. എം. മോനായി: സർ, കുന്നത്തുനാട് മണ്ഡലത്തിലൂടെ കടന്നുപോകുന്ന കൊച്ചി-മധുര ദേശീയ പാതയുടെ തൃപ്പൂണിത്തുറ ബൈപ്പാസിനായി തിരുവാണിയൂർ ഗ്രാമപഞ്ചായത്തിലെ മറ്റക്കുഴി മുതൽ തിരുവാങ്കുളം വരെയുള്ള ഭാഗത്തെ ഭൂമി സർക്കാർ ഏറ്റെടുക്കുന്നതിനായി വർഷങ്ങൾക്കുമുമ്പ് നോട്ടിഫിക്കേഷൻ നടത്തുകയും സർവ്വേ നടപടികൾ പൂർത്തീകരിച്ച് കല്ല് സ്ഥാപിച്ചിട്ടുള്ളതുമാണ്. എന്നാൽ അക്വിസിഷന് ആവശ്യമായ ഫണ്ടില്ല എന്ന കാരണത്താൽ ഏറ്റെടുക്കൽ നടപടി മുന്നോട്ടു പോകാതെ വരികയും നോട്ടിഫിക്കേഷൻ ഡി-നോവോ ആവുകയും ചെയ്തു. സ്ഥലം ഉടമകളെ സംബന്ധിച്ചിടത്തോളം ഈ സ്ഥലം ക്രയവിക്രയം നടത്തുവാനോ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാനോ കഴിയാത്ത അവസ്ഥ സംജാതമായിരിക്കുകയാണ്. ആയതിനാൽ പ്രസ്തുത ബൈപ്പാസിന്റെ സ്ഥലമെടുപ്പ് നടപടികൾ പരമാവധി ആറ് മാസത്തിനകം പൂർത്തിയാക്കുവാൻ കഴിയുന്ന വിധത്തിൽ പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പു മന്ത്രി (ശ്രീ. എം. വിജയകുമാർ): സർ, കൊച്ചി-മധുര ദേശീയ പാതയിൽ തൃപ്പൂണിത്തുറ ബൈപ്പാസ് റോഡിനുവേണ്ടി മറ്റക്കുഴി മുതൽ തിരുവാങ്കുളം വരെയുള്ള സ്ഥലം ഏറ്റെടുക്കുന്നതിന് 6-2-2004-ൽ 657 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് അംഗീകാരം നൽകുകയും സ്ഥലം ഏറ്റെടുക്കൽ നടപടി പൂർത്തിയാക്കി ഭൂവുടമകൾക്ക് ഇതുവരെ 604 ലക്ഷം രൂപ വിതരണം ചെയ്യുകയും ചെയതിട്ടുണ്ട്. ആദ്യ എസ്റ്റിമേറ്റിൽ ബേസിക് വാല്യുവേഷൻ റിപ്പോർട്ട് തയ്യാറാക്കുന്നതിൽ വീഴ്ച വന്നതുകൊണ്ട് അത് പുതുക്കി നിശ്ചയിക്കേണ്ടിവന്നു. അപ്രകാരം 17.275 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് കേന്ദ്ര അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. പുതുക്കിയ എസ്റ്റിമേറ്റിന് കേന്ദ്ര അനുമതി ലഭിക്കുന്ന മുറയ്ക്ക് ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകുന്നതിനും സ്ഥലമേറ്റെടുക്കൽ നടപടികൾ പുനരാരംഭിക്കുന്നതിനുമാണ്

LIBRARY ARCHIVES Kerala Legislative Assembly

ഉദ്ദേശിക്കുന്നത്. ഇതിനുവേണ്ടി കേന്ദ്ര സർക്കാരിൽ എല്ലാവിധ സമ്മർദ്ദവും ചെലുത്തി നടപടികൾ സ്വീകരിക്കുന്നതാണ്.

9. പുതിയ ഭരണസമിതി അധികാരമേറ്റെടുക്കുന്നതിന് മുമ്പ് പുണ്യാഹം നടത്തിയ സംഭവം

ശ്രീ. എൻ. രാജൻ: സർ, പഞ്ചായത്ത് തെരഞ്ഞെടുപ്പ് കഴിഞ്ഞ ഒക്ടോബർ മാസം 23, 25 എന്നീ തീയതികളിലാണ് നടന്നത്. ഈ തെരഞ്ഞെടുപ്പിൽ തിരുവനന്തപുരം ജില്ലയിലെ പുല്ലമ്പാറ പഞ്ചായത്തിലെ ശ്രീ. ചുള്ളാലം രാജൻ ബി.ജെ.പി.യുടെ പിന്തുണയോടുകൂടി പഞ്ചായത്ത് പ്രസിഡന്റായും പത്തനംതിട്ട ജില്ലയിലെ ഏനാദിമംഗലം പഞ്ചായത്തിൽ ഒരു സ്വതന്ത്രന്റെ പിന്തുണയോടുകൂടി ശ്രീ. സജി മാരൂർ പഞ്ചായത്ത് പ്രസിഡന്റായും തെരഞ്ഞെടുക്കപ്പെട്ടു. നവംബർ മാസം ഒന്നാം തീയതി സത്യപ്രതിജ്ഞാ ചടങ്ങ് നടന്നു. ഈ തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് ഈ രണ്ട് പഞ്ചായത്തുകളിലും പഞ്ചായത്തു പ്രസിഡന്റുമാരായിരുന്നത് പട്ടികജാതി വനിതയും പട്ടികജാതി പുരുഷനുമായിരുന്നു. പട്ടികജാതി വനിത ഇരുന്ന പുല്ലമ്പാറ പഞ്ചായത്തിലെ പഞ്ചായത്ത് ഓഫീസ് കഴുകി വൃത്തിയാക്കി ചാണകം മെഴുകി ശുദ്ധമാക്കിയിട്ടാണ് പഞ്ചായത്ത് പ്രസിഡന്റും അനുയായികളും ആ പഞ്ചായത്ത് ഓഫീസിൽ കയറിയത്. അതുപോലെ (ബഹളം)..ഞാൻ രാഷ്ട്രീയമൊന്നും പറഞ്ഞില്ല. അങ്ങയുടെ സ്ഥലത്ത് അടൂർ ഏനാദിമംഗലം പഞ്ചായത്തിൽ (ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: ഇതെല്ലാം എഴുതിതന്നിട്ട് പറയുന്നതല്ലേ. ഇങ്ങനെ പറഞ്ഞാലോ?

ശ്രീ. എൻ. രാജൻ: പത്തനംതിട്ട ജില്ലയിൽ ഏനാദിമംഗലം പഞ്ചായത്തിൽ ശ്രീ.അടൂർ പ്രകാശിന്റെ സ്ഥലത്ത് കഴിഞ്ഞ രണ്ടു തവണയും പഞ്ചായത്ത് പ്രസിഡന്റുമാരായിരുന്നത് പട്ടികജാതി വനിതയും പുരുഷനുമായിരുന്നു. ഈ പത്ത് വർഷവും പഞ്ചായത്താഫീസും പരിസരവും അശുദ്ധമാക്കിയെന്ന് പറഞ്ഞ് അവിടത്തെ ഉദ്യോഗസ്ഥന്മാരുടെയും പോലീസുകാരുടെയും തദ്ദേശീയരുടെ സാന്നിദ്ധ്യത്തിൽ ചാണകവെള്ളം കലക്കിയൊഴിക്കുകയും തൊട്ടടുത്ത ക്ഷേത്രത്തിൽ പോയി പുണ്യാഹം കൊണ്ടുവന്ന് തളിക്കുകയും ചെയ്തു. അതാണ് ഏനാദിമംഗലം പഞ്ചായത്തിൽ നടത്തിയത്. നമ്മുടെ ജനാധിപത്യത്തിൽ .....(ബഹളം).....പഞ്ചായത്തംഗം മുതൽ പഞ്ചായത്ത് പ്രസിഡന്റുവരെയുള്ള ജനാധിപത്യ സ്ഥാപനങ്ങൾ ഒട്ടേറെയുണ്ട്. അവിടെയൊക്കെ നാളെ ഇത് സംഭവിച്ചുകൂടന്നില്ല. അതുകൊണ്ട് മുളയിലേ ഇത് നുള്ളിക്കളയണം. ഇത് വലിയൊരു ക്രിമിനൽ കുറ്റമാണ്. 1989-ലെ പട്ടികജാതി-പട്ടികവർഗ്ഗ അതിക്രമങ്ങൾ തടയൽ നിയമമനുസരിച്ച് ഒരു പട്ടികജാതിക്കാരനെ സമൂഹമധ്യത്തിൽ വച്ച് ആക്ഷേപിച്ചാൽ വളരെ ഗുരുതരമായ കുറ്റമാണ്. അതുംകൂടി ഈ ഗവൺമെന്റ് ആലോചിക്കണം. ഈ രണ്ട് പഞ്ചായത്തുകളിലും നടന്ന കാര്യങ്ങളെക്കുറിച്ച് ശക്തമായ രീതിയിൽ അന്വേഷണം നടത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly